കേരള സർക്കാർ
പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

നം.എസ്.എസ്.1/50/2020/പൊ.ഭ.വ. തിരുവനന്തപുരം,തീയതി: 18.03.2020

## പരിപത്രം

വിഷയം :- പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് - കോവിഡ്-19 – പ്രതിരോധ പ്രവർത്തനങ്ങൾ - സർക്കാർ ആഫീസുകളിൽ പാലിക്കേണ്ട മുൻകരുതൽ നടപടികൾ - സംബന്ധിച്ച്

സൂചന :- കേന്ദ്ര സർക്കാരിന്റെ 17.03.2020 ലെ F.No.11013/9/2014-Estt.A.III നമ്പർ ഓഫീസ് മെമ്മോറാണ്ടം

സംസ്ഥാനത്ത് കോവിഡ്-19 രോഗബാധയെ തുടർന്ന് നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് രോഗവ്യാപനം തടയുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും സംസ്ഥാനത്തെ സർക്കാർ ആഫീസുകളിൽ കൃത്യമായും പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

1. എല്ലാ ഓഫിസുകളിലും സന്ദർശകരെ നിയന്ത്രിക്കേണ്ടതാണ്. ഔദ്യോഗിക കാര്യങ്ങൾക്ക് അത്യാവശ്യമുള്ള സന്ദർശകരെ ബന്ധപ്പെട്ട ഓഫിസർമാരുടെ നിർദേശാനുസരണം മാത്രം കയറ്റിവിടുവാനുള്ള സംവിധാനം ഏർപ്പെടുത്തണം. സന്ദർശകർക്കുള്ള പ്രവേശനം ഒരു ഗേറ്റ് വഴി മാത്രമായി പരിമിതപ്പെടുത്തണം.
2. കഴിയുന്നതും ഇൻഫ്രാറെഡ് തെർമൽ സ്കാനർ വഴി പരിശോധിച്ച് മാത്രം ജീവനക്കാരെയും സന്ദർശകരെയും പ്രവേശനം അനുവദിച്ചാൽ മതിയാകും. തെർമൽ സ്കാനർ ഉപയോഗിക്കാൻ അതത് ഓഫീസിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകാം. തെർമൽ സ്കാനർ വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനും സർവീസ് സംഘടനകളുടെ സഹായം നേടാൻ വകുപ്പ് മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.
3. അത്യാവശ്യമില്ലാത്ത ഔദ്യോഗിക യാത്രകൾ ഒഴിവാക്കേണ്ടതാണ്. അടിയന്തിരമല്ലാത്ത എല്ലാ മീറ്റിങ്ങുകളും ഒഴിവാക്കേണ്ടതാണ്. അടിയന്തിര പ്രാധാന്യമുള്ള മീറ്റിങ്ങുകൾ കഴിയുന്നതും വിഡിയോ കോൺഫെറൻസിങ് വഴി മാത്രം നടത്തുക.
4. ജീവനക്കാർ കൂടിചേരുന്ന പരിപാടികൾ നിർബന്ധമായി ഒഴിവാക്കാൻ നിർദേശം നൽകേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജിം /റീക്രീയെഷൻ ക്ലബ്ബ്കൾ / ക്രെഷ്കൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിർത്തിവയ്ക്കേണ്ടതാണ്.
5. ജീവനക്കാരും പൊതുജനങ്ങളും പതിവായി സ്പർശിക്കാൻ സാധ്യതയുള്ള ഇടങ്ങൾ കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കേണ്ടതാണ്.
6. ഫിസിക്കൽ ഫയലുകൾ ഒഴിവാക്കി ഇ-ഫയലുകളായി മാത്രം ഔദ്യോഗിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്.
7. വാഷ് റൂമുകളിൽ സ്ഥിരമായി സോപ്പ് / വെള്ളം / സാനിറ്റിസർ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ പ്രത്യേകമായി ഒരു ഓഫിസറെ ചുമതലപ്പെടുത്തേണ്ടതാണ്.
8. എല്ലാ ജീവനക്കാരും തങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനുള്ള നടപടികൾ സ്വയം